പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3664 — 25.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഡീസലിന് പകരം പ്രകൃതി വാതകം

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഡീസലിന് പകരം പ്രകൃതി വാതകം ഉപയോഗിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | കേരളത്തിൽ പ്രകൃതി വാതകം ഇതുവരെ ലഭ്യമായിട്ടില്ല. കൊച്ചിയിലാണ് സി.എൻ.ജി പ്രാഥമികമായി ലഭ്യമാകുക. കെ.എസ്. ആർ.ടി.സി.യുടെ തേവരയിലുള്ള സ്ഥലത്ത് പ്രകൃതി വാതക പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രാഥമിക പരിശോധന നടന്നു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ആദ്യഘട്ടത്തിൽ എത്ര ബസ്സുകളിൽ സി.എൻ.ജി ഉപയോഗിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട് ; | (ബി) | ആദ്യഘട്ടത്തിൽ ഏകദേശം 100 കെ.എസ്.ആർ.ടി.സി ബസുകളിൽ സി.എൻ.ജി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സി.എൻ.ജി ഉപയോഗിക്കുന്നത് മൂലമുള്ള ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) | അന്തരീക്ഷ മലിനീകരണവും ശബ്ദ മലിനീകരണവും കുറയ്ക്കുവാൻ കഴിയും. ഇന്ധന ചെലവും കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ